# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2651 06.11.2019 -ലെ മറുപടിക്ക്**

## വീട് റിപ്പയറിംഗിന് ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസക്കാരിയായ ശ്രീമതി. ജാനകി, അരിമ്പ്രക്കുന്നൻ, ചീക്കോട് (പി.ഒ.) എന്നവരുടെ വീട് ഇടിഞ്ഞ് താമസത്തിന് ഭീഷണിയുള്ളതായി പത്രവാർത്ത ഉൾപ്പെടെ പരാതി നൽകിയിട്ടും നാളിതുവരെ സർക്കാരിൽ നിന്ന് ഒരു സഹായവും ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് നിലവിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നത് എന്നതിനാൽ ശ്രീമതി.ജാനകിക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഒരു പട്ടികജാതി കുടുംബത്തിന് വീട് റിപ്പയറിംഗിന് പരമാവധി എത്ര തുകയാണ് അനുവദിക്കുന്നത്; അതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | അർഹരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം ലക്ഷ്യമിടുന്നതിനാലും, മുഴുവൻ ഗഡുക്കളും കൈപ്പറ്റിയിട്ടും നാളിതുവരെ പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് 1.50 ലക്ഷം രൂപവരെയുള്ള അധിക ധനസഹായം അനുവദിയ്ക്കുന്നതിനുള്ള പദ്ധതി രൂപീകരിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതിനാലും പട്ടികജാതി വികസന വകുപ്പ് ഭവന പുനരുദ്ധാരണ പദ്ധതി നിലവിൽ നടപ്പിലാക്കുന്നില്ല. |
| (സി) | പട്ടികജാതി വിഭാഗത്തിന് മാത്രമായി ഭവനപദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയിൽ വീട് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ? | (സി) | പട്ടികജാതി ഉൾപ്പെടെ എല്ലാ വിഭാഗം ഭവനരഹിതർക്കും വീട് നിർമ്മിക്കുന്നതിനു ഇപ്പോൾ ലൈഫ് മിഷൻ മുഖേനയാണ് ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ